# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 5254 31.10.2016 -ൽ മറുപടിയ്ക്ക്**

## <u>പറമ്പിക്കുളം - ആളിയാർ പദ്ധതി</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ഉണ്ണി<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ യു. ആർ. പ്രദീപ്<br>ശ്രീ. പി. കെ. ശശി | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പറമ്പിക്കുളം - ആളിയാർ പദ്ധതിയിൽ നിന്നും കേരളത്തിന് ജലം നൽകിയത് സംബന്ധിച്ച് സംയുക്ത ജലക്രമീകരണ സമിതിയോഗം വിളിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| ബി) പ്രസ്തുത കരാറുമായി ബന്ധപ്പെട്ട് ഇരു സംസ്ഥാനങ്ങളിലെയും ഉന്നത ഉദ്യോഗസ്ഥർ പൊള്ളാച്ചിയിൽ വെച്ച് ചർച്ച നടത്തിയതിനെ തുടർന്നുണ്ടായ ധാരണ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (ബി) | 10.10.2016-ന് തമിഴ് നാട്ടിലെ പൊള്ളാച്ചിയിൽ വെച്ച് നടന്ന ഉദ്യോഗസ്ഥതല ചർച്ചയിൽ കരാർ പ്രകാരമുള്ള മൊത്തം ജലം ലഭിക്കണമെന്ന് കേരളം ആവശ്യപ്പെട്ടുവെങ്കിലും തമിഴ് നാട്, കേരളത്തിന് 10.10.2016 മുതൽ 2016 ഒക്ടോബർ ഒന്നാം ദ്വൈവാരത്തിന്റെ അവസാനം വരെ മണക്കടവ് വിയറിൽ കുറഞ്ഞത് 300 ക്യൂസെക്സ് എന്ന തോതിൽ ജലം നൽകാമെന്ന് സമ്മതിച്ചു. കൂടാതെ ഒക്ടോബർ രണ്ടാം ദ്വൈവാരത്തിൽ സംയുക്ത ജല ക്രമീകരണ ബോർഡ് (ജെ.ഡബ്ല്യു.ആർ.ബി)യോഗം ചേരാമെന്നും അതുവരെ മണക്കടവ് വിയറിൽ കുറഞ്ഞത് 200 ക്യൂസെക്സ് എന്ന തോതിൽ ജലം നൽകാമെന്നും സമ്മതിച്ചു. ഇപ്രകാരം സമ്മതിച്ചതിനെക്കാൾ കൂടുതൽ ജലം ലഭ്യമാക്കിയിട്ടുണ്ട്. 2016 നവംബർ മാസത്തിലെ രണ്ട് അർദ്ധമാസങ്ങളിലും 2016 ഡിസംബറിലെ 1-ാം അർദ്ധമാസത്തിലും കരാർ പ്രകാരമുള്ള മുഴുവൻ ജലവും കേരളത്തിന് ലഭ്യമാക്കുവാൻ ധാരണയായിട്ടുണ്ട്. |
| സി) ഇതുമൂലം ജലദൗർലഭ്യം നേരിടുന്ന ചിറ്റൂർ താലൂക്കിലെ കർഷകർക്കും കുടിവെള്ളത്തിനായി ചിറ്റൂർപ്പുഴയെ ആശ്രയിക്കുന്ന പഞ്ചായത്തുകൾക്കും താൽക്കാലിക ആശ്വാസം നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ; | (സി) | 10.10.2016-ന് തമിഴ് നാട്ടിലെ പൊള്ളാച്ചിയിൽ വെച്ച് നടന്ന ഉദ്യോഗസ്ഥതല ചർച്ചയുടെ അടിസ്ഥാനത്തിൽ മണക്കടവ് വിയറിൽ ജലം ലഭ്യമാക്കിയതിനാൽ ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തെ കുടിവെള്ള ക്ഷാമത്തിനും കാർഷികാവശ്യങ്ങൾക്കുള്ള ജല ദൗർലഭ്യത്തിനും ഒരു പരിധിവരെ താൽക്കാലിക പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. തുടർന്നും |

| | | |
|---|---|---|
| | | പി. എ. പി. കരാർ പ്രകാരമുള്ള ജല ലഭ്യത ഉറപ്പു വരുത്താൻ ജലസേചന വകുപ്പും, കേരള സർക്കാരും തുടർന്നും പരമാവധി ശ്രമിക്കുന്നതായിരിക്കും. |
| ഡി) പറമ്പിക്കുളം - ആളിയാർ പദ്ധതിയിൽ നിന്ന് തമിഴ് നാട് ജലം കട ത്തുമ്പോൾ കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുക്കുവാൻ ആവശ്യമായ അടിയന്തര ഇടപെടൽ നടത്തുമോ ? | (ഡി) | പി. എ. പി. കരാർ പ്രകാരമുള്ള ജല ലഭ്യത ഉറപ്പു വരുത്താൻ കേരളം അടിയന്തിര ഇടപെടലുകൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ